

# ഗാന്ധിജി

☑ Tip 1

## സബർമതിയിലെ സന്യാസി

1. ഗാന്ധിജിയുടെ 'മനസ്സാക്ഷി സൂക്ഷിപ്പുകാരൻ'-സി. രാജഗോപാലാചാരി.
2. ഗാന്ധിജിയുടെ 'മാനസപുത്രൻ'- ജമനലാൽ ബജാജ്.
3. 'സബർമതിയിലെ സന്യാസി' - ഗാന്ധിജി.
4. ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരു - ഗോപാലകൃഷ്ണ ഗോഖലെ.
5. 'ഒരു തീർഥാടനം' - ഗാന്ധിജി 1937 ജനുവരി 13ലെ തന്റെ അവസാന കേരള സന്ദർശനത്തെ വിശേഷിപ്പിച്ചത്.
6. ക്ഷേത്രപ്രവേശന വിളംബരത്തെ ഗാന്ധിജി വിശേഷിപ്പിച്ചത് - 'ആധുനിക കാലത്തെ മഹാത്ഭുതം' എന്നായിരുന്നു.
7. ഗാന്ധിജിയുടെ 'ഇംഗ്ലിഷ് പുത്രിമാർ' എന്നു പറയുന്നത് - മീരാബഹൻ (മാഡലിൻ സ്ലേഡ്), സരളാബെൻ (കാതറിൻ മേരി ഹെലിമാൻ) എന്നിവരെ.
8. ക്രിപ്സ് ദൗത്യത്തെ ഗാന്ധിജി വിശേഷിപ്പിച്ചത് - 'കാലഹരണപ്പെട്ട ചെക്ക്' എന്നായിരുന്നു.
9. 'മൈ ലിറ്റിൽ ഡിറ്റക്ടർ' എന്നു ഗാന്ധിജി വിശേഷിപ്പിച്ചത് - സ്വന്തം തൂക്കു ഘടികാരത്തെ.
10. 'ഗാന്ധിജിയുടെ രാഷ്ട്രീയ പരീക്ഷണശാല'യായി അറിയപ്പെടുന്നത് - ദക്ഷിണാഫ്രിക്ക.
11. 'ഇത് എന്റെ മാതാവാണ്' - ഏതിനെക്കുറിച്ചാണ് ഗാന്ധിജി ഇങ്ങനെ പറഞ്ഞത്? - ഭഗവത്ഗീതയെ.
12. 'ഗാന്ധിയുഗം' എന്നറിയപ്പെടുന്നത് - 1919 മുതൽ 1947 വരെയുള്ള കാലഘട്ടം.
13. ഗാന്ധിജിയുടെ 'ആത്മീയ പിൻഗാമി' - വിനോബാ ഭാവെ.

☑ Tip 2

## ഗാന്ധിജിയെക്കുറിച്ച് മറ്റുള്ളവർ

1. ഗാന്ധിജിയെ ആദ്യമായി 'രാഷ്ട്രപിതാവ്' എന്ന് സംബോധന ചെയ്തത് - സുഭാഷ് ചന്ദ്രബോസ്.
2. ഗാന്ധിജിയെ മഹാത്മാ എന്ന് ആദ്യം വിളിച്ചത് - ടഗോർ.
3. ഗാന്ധിജിയെക്കുറിച്ച് 'ഇത്തരത്തിൽ മജ്ജയും മാംസവുമുള്ള ഒരു മനുഷ്യൻ ഈ ഭൂമുഖത്ത് ജീവിച്ചിരുന്നുവെന്ന് വരുംതലമുറ വിശ്വസിച്ചേക്കില്ല എന്നു പറഞ്ഞത് - ആൽബർട്ട് ഐൻസ്റ്റീൻ.
4. 'അർധനഗ്നനായ ഫക്കീർ' എന്നു ഗാന്ധിജിയെ പറഞ്ഞത് - വിൻസ്റ്റൺ ചർച്ചിൽ.
5. 'കൂടുതൽ നല്ലതാവുന്നത് നല്ലതല്ല' - ബർണാഡ് ഷാ ഗാന്ധിജി വധിക്കപ്പെട്ടപ്പോൾ പറഞ്ഞത്.
6. 'ചരിത്രത്തിൽ ബുദ്ധനും യേശുക്രിസ്തുവിനും തുല്യമായ സ്ഥാനമാണ് ഗാന്ധിജിക്കും ഉണ്ടായിരിക്കുക' - മൗണ്ട് ബാറ്റൺ.

## ☑ Tip 3

# ടോൾസ്റ്റോയി ഫാം

ട്രാൻസ്‌വാളിൽ സത്യഗ്രഹസമരകാലത്ത് ഗാന്ധിജിക്കൊപ്പമുണ്ടായിരുന്ന ഇരുന്നൂറോളം പേരെ താമസിപ്പിക്കാനുള്ള ശ്രമം പുതിയൊരു ആശ്രമം സ്ഥാപിക്കുന്നതിൽ കലാശിച്ചു. ജൊഹാനാസ്ബർഗിൽനിന്ന് 32 കിലോമീറ്റർ അകലെ ലോലി സ്റ്റേഷനടുത്തു വനത്തിൽ 1100 ഏക്കർ വരുന്ന ഒരു ഫാം കലൻബെക്ക് എന്ന ശിഷ്യൻ ആശ്രമം സ്ഥാപിക്കുന്നതിനായി ഗാന്ധിജിക്കു കൈമാറി. 1910 ജൂണിൽ റഷ്യൻ എഴുത്തുകാരൻ ടോൾസ്റ്റോയിയുടെ പേരിൽ ആശ്രമം ആരംഭിച്ചു. കലൻബെക്കും ഗാന്ധിജിയും ഇന്ത്യൻ - നീഗ്രോ വംശജരോടൊപ്പം കഠിനാധ്വാനം ചെയ്തു.ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, പൂച്ചെടികൾ തുടങ്ങിയവ നട്ടുവളർത്തി. ഒരു സ്വയംപര്യാപ്ത ഗ്രാമീണ റിപ്പബ്ലിക്കിന്റെ തുടക്കമായിരുന്നു അത്.



ടോൾസ്റ്റോയി ഫാം

## ☑ Tip 4



യേശുക്രിസ്തു | സുഭാഷ്ചന്ദ്രബോസ് | അയ്യങ്കാളി | സോക്രട്ടീസ് | നെഹ്റു | ടഗോർ | തിലകൻ | ആൻഡ്രൂസ് | സരോജിനി നായിഡു

# ഗാന്ധിജി അവരെപ്പറ്റി...

1. 'സത്യഗ്രഹങ്ങളുടെ രാജകുമാരൻ' എന്നു വിശേഷിപ്പിച്ചത് - യേശുക്രിസ്തുവിനെ.
2. 'ദേശസ്നേഹികളുടെ രാജകുമാരൻ' എന്നും 'ദേശസ്നേഹികളുടെ ദേശസ്നേഹി' എന്നും വിശേഷിപ്പിച്ചത് - **സുഭാഷ് ചന്ദ്രബോസിനെ.**
3. 'പുലയ രാജാവാ'യി വിശേഷിപ്പിച്ചത് - അയ്യൻകാളിയെ.
4. 'സുന്ദര'നായി ഗാന്ധിജി പറഞ്ഞത് - സോക്രട്ടീസിനെ. (കാരണം അദ്ദേഹം സത്യസന്ധനായിരുന്നു).
5. ഗാന്ധിജി തന്റെ 'രാഷ്ട്രീയ പിൻഗാമി'യായി പ്രഖ്യാപിച്ചത് - ജവാഹർലാൽ നെഹ്റുവിനെ.
6. 'എനിക്കുശേഷം അദ്ദേഹം എന്റെ ഭാഷ സംസാരിക്കും'. ഇത് ആരെക്കുറിച്ചാണ് ഗാന്ധിജി പറഞ്ഞത്? - നെഹ്റുവിനെ.
7. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' - ക്വിറ്റിന്ത്യാ സമരകാലത്തെ ഗാന്ധിജിയുടെ ആഹ്വാനം.
8. 'ഗുരുദേവ്' എന്നു ഗാന്ധിജി വിളിച്ചത് - ടഗോറിനെ.
9. 'എന്റെ ഏറ്റവും വലിയ താങ്ങ് പൊയ്പ്പോയി'-ബാലഗംഗാധര തിലകന്റെ മരണത്തെ പരാമർശിച്ച് ഗാന്ധിജി പറഞ്ഞത്.
10. 'ക്രിസ്തുവിന്റെ വിശ്വസ്തനായ അപ്പസ്തോലൻ' എന്നു ഗാന്ധിജി പറഞ്ഞത് - ഇന്ത്യയിൽ ഗാന്ധിയൻ ആദർശങ്ങളിൽ ആകൃഷ്ടനായെത്തിയ ഇംഗ്ലീഷുകാരനായ ചാൾസ് ഫ്രീയർ ആൻഡ്രൂസി (ദീനബന്ധു) നെയാണ്.
11. 'ഇന്ത്യൻ വാനമ്പാടി'യെന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് - സരോജിനി നായിഡുവിനെ.

## Tip 5

# എത്ര ഗാന്ധിമാർ!

ഖാൻ അബ്ദുൽ ഗഫാർഖാൻ - അതിർത്തിഗാന്ധി
ബാബാ ആംതെ - ആധുനിക ഗാന്ധി
സി. കൃഷ്ണൻ നായർ - ഡൽഹി ഗാന്ധി
ഐ.കെ. കുമാരൻ - മയ്യഴി ഗാന്ധി

ഡോ. രാജേന്ദ്രപ്രസാദ് - ബിഹാർ ഗാന്ധി
കെ. കേളപ്പൻ - കേരള ഗാന്ധി
നെൽസൺ മണ്ടേല - ദക്ഷിണാഫ്രിക്കൻ ഗാന്ധി
കെന്നത്ത് കൗണ്ട - ആഫ്രിക്കൻ ഗാന്ധി

എ.ടി. അരിയരത്ന - ശ്രീലങ്കൻ ഗാന്ധി
ആങ് സാൻ സൂകി - ബർമീസ് ഗാന്ധി
കഖാവ - ജാപ്പനീസ് ഗാന്ധി
മാർട്ടിൻ ലൂഥർ കിങ് (ജൂനിയർ) - അമേരിക്കൻ ഗാന്ധി
ക്വാമി എൻ ക്രൂമ - ഘാന ഗാന്ധി
ഇബ്രാഹിം റുഗോവ - ബാൾക്കൻ ഗാന്ധി
ജറാൾഡ് ഫിഷർ - ജർമൻ ഗാന്ധി
അഹമ്മദ് സുകർണോ - ഇന്തൊനീഷ്യൻ ഗാന്ധി
ജോമോ കെനിയാറ്റ - കെനിയൻ ഗാന്ധി

## അപരഗാന്ധിമാർ

മാർട്ടിൻ ലൂഥർ കിങ് (ജൂനിയർ) - അമേരിക്കൻ ഗാന്ധി
അഹമ്മദ് സുകാർണോ - ഇൻഡൊനീഷ്യൻ ഗാന്ധി
ജോമോ കെനിയാറ്റ - കെനിയൻ ഗാന്ധി
ഖാൻ അബ്ദുൽ ഗാഫർ ഖാൻ - അതിർത്തി ഗാന്ധി
ഡോ. രാജേന്ദ്രപ്രസാദ് - ബിഹാർ ഗാന്ധി
ബാബാ ആംതേ - ആധുനിക ഗാന്ധി
ആങ് സാൻ സൂചി - ബർമീസ് ഗാന്ധി
എ.ടി. അരിയരത്ന - ശ്രീലങ്കൻ ഗാന്ധി
ഇബ്രാഹിം റുഗോവ - ബാൾക്കൻ ഗാന്ധി
ഐ.കെ. കുമാരൻ മാസ്റ്റർ - മയ്യഴി ഗാന്ധി
കെ. കേളപ്പൻ - കേരള ഗാന്ധി

## Tip 6

# സിനിമയിലെ ഗാന്ധി

**ഗാ**ന്ധിജിയുടെ ജീവിതവുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ട് ഇറങ്ങിയ സിനിമകളെ നമുക്ക് പരിചയപ്പെടാം.

### ഗാന്ധി

**ഗാ**ന്ധിജിയുടെ ജീവിതം പച്ചയായി ചിത്രീകരിച്ച സിനിമയാണ് റിച്ചാർഡ് ആറ്റൻബറോ സംവിധാനം ചെയ്ത 'ഗാന്ധി.' 1982-ലാണ് ഈ സിനിമ ഇറങ്ങിയത്. ഗാന്ധിയായി അഭിനയിച്ച ബെൻ കിങ്സിലി ഏറ്റവും നല്ല നടനുള്ള ഓസ്കർ അവാർഡ് നേടി. വസ്ത്രാലങ്കാരത്തിന് ഉള്ള ഓസ്കർ അവാർഡ് ഭാനുഅത്തയ്യയ്ക്കും ലഭിച്ചു. ആഗസ്റ്റ് 15, ജനവരി 26 തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഗാന്ധി സിനിമയുടെ സംപ്രേഷണം പല ടെലിവിഷൻ ചാനലുകളിലും ഉണ്ടാകാറുണ്ട്.

### ദ മേക്കിങ് ഓഫ് മഹാത്മാ

**ഫാ**ത്തിമ മീർ എഴുതിയ 'ദി അപ്രൻറീസ്ഷിപ്പ് ഓഫ് എ മഹാത്മാ' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി 1996-ൽ നിർമിച്ച സിനിമയാണിത്. ദക്ഷിണാഫ്രിക്കയിലെ ഗാന്ധിയുടെ 21 വർഷമാണ് ഈ സിനിമയുടെ ഉള്ളടക്കം. ശ്യാം ബെനഗൽ സംവിധാനം ചെയ്ത ഈ സിനിമയുടെ തിരക്കഥ തയ്യാറാക്കിയത് ഫാത്തിമ മീർ തന്നെയാണ്. രജത് കപൂറാണ് ഗാന്ധിജിയായി അഭിനയിച്ചത്.

### ലഗേരഹോ മുന്നാഭായ്

**2006**-ൽ ഇറങ്ങിയ ഈ സിനിമ സംവിധാനം ചെയ്തത് രാജ്കുമാർ ഹിമാനിയാണ്. യുഎന്നിൽ പ്രദർശിപ്പിച്ച ആദ്യ ഹിന്ദി സിനിമയെന്ന ഖ്യാതിയും ഇതിനുണ്ട്. ഗാന്ധിയെ മനസ്സിലാക്കാൻ ശ്രമിക്കുന്ന മുന്നാഭായ് എന്ന അധോലോകനായകനെ അവതരിപ്പിച്ചത് സഞ്ജയ് ദത്ത് ആണ്.



### ഗാന്ധി മൈ ഫാദർ

**2007**-ൽ ഇറങ്ങിയ ഈ സിനിമ ഗാന്ധിയും അദ്ദേഹത്തിന്റെ മൂത്ത മകൻ ഹരിലാലുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കി നിർമിച്ചതാണ്. ഫിറോസ് അബ്ബാസ് സംവിധാനം ചെയ്ത ഈ സിനിമയിൽ ഹരിലാലായി അക്ഷയ് ഖന്ന അഭിനയിച്ചു.

☑ Tip 7

# ഗാന്ധിജീവിതം-ഒറ്റനോട്ടത്തിൽ



- 1869 ഒക്ടോബർ 2: ഗുജറാത്തിലെ പോർബന്തറിൽ കരംചന്ദ് ഗാന്ധിയുടെയും പുത്‌ലീഭായിയുടെയും മകനായി ജനനം.
- 1883: കസ്തൂർബയെ വിവാഹം കഴിച്ചു.
- 1893: ദക്ഷിണാഫ്രിക്കയിലേക്ക് തിരിച്ചു.
- 1904: 'ഇന്ത്യൻ ഒപ്പീനിയൻ' പ്രസിദ്ധീകരണം.
- 1906: ആദ്യ സത്യാഗ്രഹം ദക്ഷിണാഫ്രിക്കൻ ഭരണകൂടത്തിനെതിരെ.
- 1915: ഇന്ത്യയിൽ തിരിച്ചെത്തുന്നു.
- 1915 ജനവരി 29: ഗുജറാത്തിലെ സബർമതീതീരത്ത് ആശ്രമം സ്ഥാപിക്കുന്നു.
- 1917: ഇന്ത്യയിലെ ആദ്യ സത്യാഗ്രഹസമരം ചമ്പാരനിൽ.
- 1918: ആദ്യ നിരാഹാരസമരം അഹമ്മദാബാദിൽ.
- 1919 ഏപ്രിൽ 6: റൗലറ്റ് നിയമത്തിനെതിരെ രാജ്യവ്യാപക ഹർത്താൽ.
- 1920: നിസ്സഹകരണപ്രസ്ഥാനത്തിന് തുടക്കം.
- 1922 മാർച്ച് 10: അറസ്റ്റും ജയിൽശിക്ഷയും.
- 1930 മാർച്ച് 12: ചരിത്രപ്രസിദ്ധമായ ദണ്ഡിയാത്രയും ഉപ്പ് സത്യാഗ്രഹവും.
- 1931: രണ്ടാം വട്ടമേശസമ്മേളനത്തിൽ ഗാന്ധിജി പങ്കെടുക്കുന്നു.
- 1942: 'ക്വിറ്റ് ഇന്ത്യാ' പ്രമേയവും 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' (do ro die) എന്ന ഗാന്ധിജിയുടെ ആഹ്വാനവും.
- 1944 : കസ്തൂർബയുടെ മരണം.
- 1947 ആഗസ്റ്റ് 15: സ്വാതന്ത്ര്യപ്രാപ്തി ആഘോഷത്തിൽ പങ്കെടുക്കാതെ ഗാന്ധിജി കൽക്കത്തയിൽ മതസൗഹാർദശ്രമങ്ങളിൽ.
- 1948 ജനവരി 30: ബിർളാഭവനിൽ പ്രാർഥനായോഗത്തിനു പോകവേ നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റ് മരിക്കുന്നു.

## ☑ Tip 8

**ഗാന്ധി ആശ്രമങ്ങൾ:** സേവാ ഗ്രാം (വാർധ), ഗാന്ധി ആശ്രമം (ബംഗ്ലാദേശ്), സബർമതി (അഹമ്മദാബാദ്), ടോൾസ്റ്റോയി ഫാം (ജൊഹന്നസ് ബർഗ്).



## ☑ Tip 9

**ഗാന്ധി മ്യൂസിയങ്ങൾ:** വാർധ, അഹമ്മദാബാദ്, പോർബന്തർ, ഡൽഹി, കൊൽക്കത്ത, മുംബൈ, പുണെ, മധുര, തിരുവനന്തപുരം.



## ☑ Tip 10

**ഗാന്ധിരചനകൾ:** My Early Days, Hind Swaraj, The Story of My Experiments With Truth (Autobiography), Indian Homerule, Non- Violence in Peace and War, Conquest of Self.

